കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് - സ്പിൽ ഓവറായി തുടരുന്ന അങ്കണവാടി കെട്ടിട നിർമ്മാണം എന്ന പ്രോജക്റ്റ് (പ്രോ.നം. 122/ 18) ഭേദഗതി ചെയ്യാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 1325/ 2018/ തസ്വഭവ

തിരുവനന്തപുരം, തീയതി, 11.05.2018

വായന :- 1 കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.2018-ലെ കത്തും 27.02.2018-ലെ 1(4)ാം നമ്പർ ഭരണസമിതി തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018-ലെ തീരുമാനം നം. 4.35

## ഉത്തരവ്

2016-17-ലെ അങ്കണവാടി കെട്ടിട നിർമ്മാണം എന്ന പ്രോജക്റ്റ് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുവെന്നും ലോക ബാങ്ക് വിഹിതം 5,11,135/- രൂപയും സാമൂഹ്യനീതി വകുപ്പിൽ നിന്ന് 8,70,000/- രൂപയും ഉൾപ്പെടെ ആകെ അടങ്കൽ 13,81,135/- രൂപ (പ്രോ.നം. 122/ 18) യാണെന്നും PWD - മുഖേനയല്ല പ്രവൃത്തി ചെയ്യിച്ചത് എന്ന കാരണത്താൽ സാമൂഹ്യനീതി വകുപ്പിന്റെ വിഹിതം ലഭിച്ചില്ലെന്നും പ്രോജക്റ്റ് ഭേദഗതി ചെയ്യാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2. 21.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു ടി യോഗത്തിന്റെ 4.35 നമ്പർ തീരുമാനപ്രകാരം സ്പിൽ ഓവറായി തുടരുന്ന അങ്കണവാടി കെട്ടിട നിർമ്മാണം എന്ന പ്രോജക്റ്റ് (പ്രോ.നം. 122/ 18) ഭേദഗതി ചെയ്യാൻ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പ്രസിഡണ്ട്, കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്, കോട്ടയം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ